പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 438

21.07.2015 ലെ മറുപടിയ്ക്ക്

## കാസർകോട്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാസർകോട്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകളുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ ; | (എ) കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 125 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വികസന പദ്ധതി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് 15.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഉല്പാദനത്തിലും ഉൽപാദനക്ഷമതയിലുമുള്ള ഇടിവ്, വിലത്തകർച്ച, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ മൂലം പ്രതിസന്ധി നേരിടുന്ന വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും ഇത് തുടർപദ്ധതിയായി നടപ്പിലാക്കി വരികയാണ്. |
| (ബി) ഇവയിൽ ഏതിന്റെയൊക്കെ കാലാവധി അവസാനിച്ചുവെന്നറിയിക്കാമോ ; | (ബി) കാസർഗോഡ് പാക്കേജിന്റെ കാലാവധി അവസാനിച്ചിട്ടില്ല.<br><br>വയനാട് പാക്കേജ് പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പ് സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. |
| (സി) കാലാവധി നീട്ടിക്കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (സി) ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ഡി) | കാസർഗോഡ് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ (പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ) വിലയിരുത്തുന്നതിനായി, ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി ഒരു ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>വയനാട് പാക്കേജ് പദ്ധതിയെ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റ് തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ട്. ഇതിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**